**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4492** **06-03-2023 - ൽ മറുപടിയ്ക്ക്**

**അപകടകരമായ രീതിയിലുള്ള കേബിളുകളും ലൈനുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാന റോഡുകളിലും ഇടറോഡുകളിലുമുള്ള ഇലക്ട്രിക് പോസ്റ്റുകളിലൂടെ കടന്ന് പോകുന്ന കേബിളുകൾ അപകടകരമായ രീതിയിൽ താഴ്ന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കേബിളുകളും ലൈനുകളും മാറ്റുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദേശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ കേബിൾ ടി.വി ഓപ്പറേറ്ററുമായി ഏർപ്പെടുന്ന കരാർ പ്രകാരം 18.10.2002, 04.02.2020, 23.07.2022 എന്നീ ബോർഡ് ഉത്തരവുകൾ പാലിച്ചാണ് പോസ്റ്റുകളിൽ കൂടി കേബിൾ വലിക്കേണ്ടത്. കേബിൾ ടിവി ഓപ്പറേറ്റർമാർ പലരും നിഷ്കർഷിക്കപ്പെട്ട നിബന്ധനകൾ പാലിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അവ പരിശോധിച്ച് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊണ്ട് നവംബർ മാസം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു.<br><br>തുടർന്ന് കേബിൾ ടി വി ഓപ്പറേറ്റേഴ്സ് അസോസിയേഷൻ വിവിധ വിഷയങ്ങളിൻമേൽ പ്രഖ്യാപിച്ച ഒരു ദിവസ സമരത്തിന് മുന്നോടിയായി ഓപ്പറേറ്റർമാരുടെ സംഘടനയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കേബിൾ ടി വി ടാഗ്ഗ് ചെയ്തു പൂർത്തിയാക്കാനുള്ള സമയം 2023 മാർച്ച് 15 വരെ നീട്ടി നൽകുവാൻ തീരുമാനിച്ചിരുന്നു.<br><br>എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 23.02.2023 ഉത്തരവ് പ്രകാരം 5.03.2023ന് മുൻപ് ടാഗിംഗ് പൂർത്തീകരിക്കേണ്ടതും തുടർന്ന് 06.03.2023 മുതൽ ടാഗ് ചെയ്യാത്തവ യാതൊരുവിധ അവശിഷ്ടവും ബാക്കി വെക്കാത്ത രീതിയിൽ ദൃശ്യമലിനീകരണം ഉണ്ടാക്കാതെ പോസ്റ്റിൽ നിന്നും നീക്കം ചെയ്യണമെന്നാണ് ഉത്തരവിട്ടിരിക്കുന്നത് .<br><br>ഇതേ തുടർന്ന് ബന്ധപ്പെട്ട ഓഫീസുകളിലേക്ക് വരുന്ന 10 ദിവസങ്ങൾ (05.03.2023) കൊണ്ട് ടാഗിംഗ് പൂർത്തീകരിക്കുവാനും അല്ലാത്തപക്ഷം ബഹുമാനപ്പെട്ട കോടതി പറഞ്ഞ രീതിയിൽ ഇവ പോസ്റ്റിൽ നിന്ന് |

| | | | |
|---|---|---|---|
| | | | ഒഴിവാക്കുന്നതിനും വേണ്ടി നടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.<br><br>26.08.2022-ലെ ബോർഡ് ഉത്തരവ് പ്രകാരം സംസ്ഥാനം ഒട്ടാകെ കെ.എസ്.ഇ.ബി.എൽ -ന്റെ വൈദ്യുത തൂണുകളിൽ കൂടി വലിച്ചിരിക്കുന്ന അനധികൃത കേബിളുകൾ നീക്കം ചെയ്യുന്നതിനും അംഗീകൃത കേബിളുകൾ standardize ചെയ്യുന്നതിനും ഉള്ള ഒരു drive തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിയ്ക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അംഗീകൃത കേബിൾ ഓപ്പറേറ്റർമാരെയും അവർക്ക് അനുവദിച്ച് നൽകിയിട്ടുള്ള വൈദ്യുത തൂണുകളും ലിങ്ക് ചെയ്ത് കൊണ്ടുള്ള ഒരു “Mobile App” സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഇങ്ങനെ താഴ്ന്ന് കിടന്ന കേബിളുകൾ സ്കൂൾ ബസിലും മറ്റ് വാഹനങ്ങളിലും കുരുങ്ങി എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ? | (ബി) | കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ താഴ്ന്ന കിടന്ന കേബിളുകൾ വാഹനങ്ങളിലും മറ്റും കുരുങ്ങി 9 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ